'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് - ബഹുമാനപ്പെട്ട പത്തനംതിട്ട എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 1889/2018 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3443/2026/ധന** **തീയതി, തിരുവനന്തപുരം, 27/03/2026**

പരാമർശം :- 1. ബഹുമാനപ്പെട്ട പത്തനംതിട്ട എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 1889/2018 നമ്പർ വ്യവഹാരത്തിന്മേലുള്ള 09/11/2023 ലെ വിധി.
2. ബഹുമാനപ്പെട്ട പത്തനംതിട്ട എം.എ.സി.റ്റി മുമ്പാകെയുള്ള IA 6/2024 നമ്പർ വ്യവഹാരത്തിന്മേലുള്ള 18/11/2025 ലെ വിധി.
3. ഇൻഷുറൻസ് വകുപ്പ് ഡയറക്ടറുടെ 27/01/2026 തീയതിയിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്4/1889/2018 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-BP-6646 എന്ന നമ്പറിലുള്ള വാഹനം 23.02.2017 തീയതിയിൽ അപകടത്തിൽപ്പെടുകയും ശ്രീമതി.ഷീജ എന്ന വ്യക്തി മരണപ്പെടുകയും ചെയ്തു. ടിയാളുടെ അനന്തരാവകാശികൾ വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹുമാനപ്പെട്ട പത്തനംതിട്ട എം.എ.സി.റ്റി യിൽ ഒ.പി. (എം.വി) 1889/2018 നമ്പർ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തതിന്മേൽ പരാമർശം (1) വിധി പ്രകാരം 17,68,556/- രൂപ 8% പലിശ സഹിതം ഹർജിക്കാരിക്ക് കോടതി അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത വിധിയിൽ ഹർജിക്കാരി മരണപ്പെട്ടതിനെക്കുറിച്ച് പരാമർശം ഇല്ലാത്തതിനാലും, അനന്തരാവകാശികളെ ഉൾപ്പെടുത്താത്തതിനാലും ലീവ് കണക്കാക്കിയതിൽ പിശക് വന്നതിനാലും ഇൻഷുറൻസ് വകുപ്പ് IA 6/2024 (Review petition) എം.എ.സി.റ്റി പത്തനംതിട്ട കോടതിയിൽ ഫയൽ ചെയ്തു. ഇതിന്മേൽ ബഹു. പത്തനംതിട്ട എം.എ.സി.റ്റി-യുടെ പരാമർശം (2) വിധി പ്രകാരം നഷ്ടപരിഹാരമായി 14,52,000/- രൂപ ഹർജി തീയതിയായ 29.12.2018 മുതൽ 8% പലിശ നിരക്കിൽ പത്തനംതിട്ട എം.എ.സി.റ്റി കോടതിയുടെ അക്കൗണ്ടിൽ കെട്ടിവയ്ക്കുന്നതിനും, കോടതി ചെലവിനത്തിൽ 17,058/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 17,686/- രൂപയും പ്രൊപ്പോഷണേറ്റ് കോസ്റ്റായി 1,38,816/- രൂപയും നൽകുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (3) പ്രകാരം ഇൻഷുറൻസ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട പത്തനംതിട്ട എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 1889/2018 നമ്പർ കേസിൽ, സർക്കാർ ഫയൽ ചെയ്ത IA 6/2024 റിവ്യൂ ഹർജിന്മേലുള്ള പരാമർശം (2) പ്രകാരമുള്ള നഷ്ടപരിഹാര തുകയായ 14,52,000/- രൂപ (പതിനാല് ലക്ഷത്തി അമ്പത്തിരണ്ടായിരം രൂപ മാത്രം) ഹർജി തീയതിയായ 29.12.2018 മുതൽ 8% പലിശ നിരക്കിൽ പത്തനംതിട്ട എം.എ.സി.റ്റി കോടതിയുടെ അക്കൗണ്ടിൽ കെട്ടിവയ്ക്കുവാനും, കോടതി ചെലവിനത്തിൽ 17,058/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 17,686/- രൂപയും പ്രൊപ്പോഷണേറ്റ് കോസ്റ്റായി 1,38,816/- രൂപയും കെട്ടിവയ്ക്കുവാൻ ഇൻഷുറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷുറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷുറൻസ് ആന്റ് പെൻഷൻ ഫണ്ട് -105 സംസ്ഥാന ഗവൺമെന്റ് ഇൻഷുറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷുറൻസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. ഇ 3431871/എസ്റ്റാ-ഡി3/9/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ